## അദ്ധ്യായം VI

## നഗര തദ്ദേശ സ്ഥാപനങ്ങളുടെ അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾ

### 6.1 മൂന്ന് നഗര തദ്ദേശ സ്ഥാപനങ്ങൾ അക്രഡിറ്റഡ് ഏജൻസികൾക്ക് സെന്റേജ് ചാർജ്ജുകൾ അധികമായി നൽകിയത്

**കോഴിക്കോട് കോർപ്പറേഷനും പാലക്കാട്, കോട്ടക്കൽ മുനിസിപ്പാലിറ്റികളും അക്രഡിറ്റഡ് ഏജൻസികൾ വഴി നടത്തിയ പ്രവൃത്തികൾക്ക് സർക്കാർ ഉത്തരവ് ലംഘിച്ചുകൊണ്ട് ഉയർന്ന നിരക്കിൽ സെന്റേജ് ചാർജ് നൽകിയത് ₹50.35 ലക്ഷം രൂപയുടെ അധിക ചെലവിന് കാരണമായി.**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി കേരള സർക്കാരിന്റെ തദ്ദേശ സ്വയംഭരണ വകുപ്പ് (എൽഎസ്ജിഡി) ഏതാനും സ്ഥാപനങ്ങൾ/സർക്കാരിതര സംഘടനകൾ/തൊഴിലാളി കരാർ സഹകരണ സംഘങ്ങൾ[66] എന്നിവയ്ക്ക് അംഗീകാരം നൽകുകയും ഈ ഏജൻസികൾ വഴി പൊതുമരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനുള്ള പൊതു മാർഗ്ഗനിർദ്ദേശങ്ങൾ (2007 മെയ്) പുറപ്പെടുവിക്കുകയും ചെയ്തു. മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, അക്രഡിറ്റഡ് ഏജൻസിക്ക് എസ്റ്റിമേറ്റ് തുകയുടെ രണ്ട് ശതമാനം പ്രവൃത്തി നിർവ്വഹണത്തിനുള്ള മാനേജ്മെന്റ്/സെന്റേജ് ചാർജായി നൽകേണ്ടതാണ്. അതോടൊപ്പം തന്നെ അംഗീകൃത ഏജൻസി ബദൽ സാങ്കേതികവിദ്യ[67] ഉപയോഗിച്ച് പ്രവൃത്തികൾ നിർവ്വഹിക്കുകയും പ്ലാൻ, ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ സ്വയം തയ്യാറാക്കുകയും ചെയ്താൽ, എസ്റ്റിമേറ്റ് ചെലവിന്റെ 0.5 ശതമാനവും ഏജൻസിക്ക് പ്രതിഫലമായി നൽകേണ്ടതാണ്.

തുടർന്ന്, സർക്കാർ വകുപ്പുകൾ അംഗീകൃത ഏജൻസികൾ വഴി പൊതുമരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ധനകാര്യ (വ്യവസായ, പൊതുമരാമത്ത്) വകുപ്പ് 2007 സെപ്റ്റംബറിൽ പുറപ്പെടുവിച്ചു. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ചെലവ്[68] അനുസരിച്ച് അഞ്ച് ശതമാനം മുതൽ എട്ട് ശതമാനം വരെ സെന്റേജ് ചാർജ്ജുകൾ മാർഗ്ഗനിർദ്ദേശങ്ങളിൽ നിർദ്ദേശിച്ചിരുന്നു. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്ന് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിലായിരിക്കും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്രവൃത്തികളുടെ സെന്റേജ് ചാർജ്ജുകൾ നിശ്ചയിക്കുക എന്ന് 2014 ജൂലൈയിൽ ധനകാര്യ വകുപ്പ് വ്യക്തമാക്കിയിരുന്നു. എന്നാൽ, 2014[69] മുതൽ 2017[70] വരെയുള്ള കാലയളവിൽ ധനകാര്യ വകുപ്പ് സെന്റേജ് ചാർജ്ജുകളുടെ നിരക്കുകൾ പരിഷ്കരിച്ചെങ്കിലും, 2007 മെയ് മാസത്തിൽ നിശ്ചയിച്ച നിരക്കുകൾ എൽഎസ്ജിഡി 2020 ഒക്ടോബർ വരെ പിൻതുടർന്നു. എൽഎസ്ജിഡി സെന്റേജ് ചാർജുകളുടെ നിരക്കുകൾ 2020 ഒക്ടോബറിൽ[71] പരിഷ്കരിക്കുകയും 2017 ജൂലൈയിൽ ധനകാര്യ വകുപ്പ് നിശ്ചയിച്ച നിരക്കുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമാക്കാൻ അനുവദിക്കുകയും ചെയ്തു. തദ്ദേശ

---

66 സംസ്ഥാന നിർമ്മിതി കേന്ദ്രം, കോസ്റ്റ്ഫോർഡ്, ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് തുടങ്ങിയവ

67 മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട്, ഗുണനിലവാരത്തിലും ഈടിലും വിട്ടുവീഴ്ച ചെയ്യാതെ, ചെലവ് കുറഞ്ഞ സാങ്കേതിക വിദ്യകൾ സ്വീകരിക്കുകയും പ്രാദേശിക വസ്തുക്കളുടെ ഉപയോഗം ഉറപ്പാക്കുകയും ചെയ്യൽ

68 ₹അഞ്ച് കോടിയോ അതിൽ കൂടുതലോ ചെലവ് വരുന്ന പ്രവൃത്തികൾക്ക് അഞ്ച് ശതമാനം, ₹മൂന്ന് കോടി മുതൽ ₹അഞ്ച് കോടി വരെ ചെലവ് വരുന്ന പ്രവൃത്തികൾക്ക് ആറ് ശതമാനം, ₹50 ലക്ഷം മുതൽ ₹മൂന്ന് കോടി വരെ ചെലവ് വരുന്ന പ്രവൃത്തികൾക്ക് ഏഴ് ശതമാനം, ₹50 ലക്ഷത്തിൽ താഴെ ചെലവ് വരുന്ന പ്രവൃത്തികൾക്ക് എട്ട് ശതമാനം എന്നിങ്ങനെയാണ് സെന്റേജ് ചാർജ് നിശ്ചയിച്ചിരിക്കുന്നത്

69 2014 ജൂലൈയിൽ എട്ട് ശതമാനം ചാർജ് ഈടാക്കുന്നതിനുള്ള പരിധി ₹50 ലക്ഷത്തിൽ നിന്ന് ₹ഒരു കോടിയായി പരിഷ്കരിച്ചു

70 2017 ജൂലൈയിൽ, ശതമാനങ്ങൾ നിലനിർത്തിക്കൊണ്ട് സെന്റേജ് ചാർജായി നൽകേണ്ട ഏറ്റവും കുറഞ്ഞ തുക നിശ്ചയിക്കുന്നു. ₹അഞ്ച് കോടിയോ അതിൽ കൂടുതലോ ചെലവ് വരുന്ന പ്രവൃത്തികൾക്ക് അഞ്ച് ശതമാനം സെന്റേജ് ചാർജ്, കുറഞ്ഞത് ₹30 ലക്ഷം, ₹മൂന്ന് കോടി മുതൽ ₹അഞ്ച് കോടി വരെ ചെലവ് വരുന്ന പ്രവൃത്തികൾക്ക് ആറ് ശതമാനം, കുറഞ്ഞത് ₹21 ലക്ഷം, ₹ഒരു കോടി മുതൽ ₹മൂന്ന് കോടി വരെ ചെലവ് വരുന്ന പ്രവൃത്തികൾക്ക് ഏഴ് ശതമാനം, കുറഞ്ഞത് ₹എട്ട് ലക്ഷം

71 2020 ഒക്ടോബർ 04 ലെ സർക്കാർ ഉത്തരവ് ജി.ഒ (ആർ.ടി) നമ്പർ 1817/2020/തസ്വഭവ

സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന പുതിയ പ്രവൃത്തികൾക്ക് മാത്രമേ പുതിയ നിരക്കുകൾ ബാധകമാകൂ എന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടന്നുകൊണ്ടിരിക്കുന്നതും പൂർത്തീകരിച്ചതുമായ പ്രവൃത്തികൾക്ക് 2.5 ശതമാനം നിരക്കിലുള്ള സെന്റേജ് ചാർജ്ജുകളാണ് ബാധകമെന്നും എൽഎസ്ജിഡി വ്യക്തമാക്കിയിരുന്നു.

കോഴിക്കോട് കോർപ്പറേഷനിലും പാലക്കാട്, കോട്ടക്കൽ മുനിസിപ്പാലിറ്റികളിലും നടത്തിയ ഓഡിറ്റിൽ, ഈ നഗര തദ്ദേശ സ്ഥാപനങ്ങൾ, അക്രഡിറ്റഡ് ഏജൻസികൾക്ക് 2.5 ശതമാനം സെന്റേജ് ചാർജ് അനുവദിക്കുന്നതിനുപകരം, 2017-18ലും 2018-19ലും കരാറുകൾ നടപ്പിലാക്കിയ അഞ്ച് പൂർത്തിയായ പ്രവൃത്തികൾക്ക് അഞ്ച് മുതൽ ഏഴ് ശതമാനം വരെ സെന്റേജ് ചാർജ് അനുവദിച്ചതായി ശ്രദ്ധയിൽപ്പെട്ടു, ഇത് സെന്റേജ് ചാർജ് ഇനത്തിൽ ₹50.35 ലക്ഷം അധികമായി നൽകുന്നതിന് കാരണമായി. വിശദാംശങ്ങൾ **അനുബന്ധം 6.1ൽ** നൽകിയിരിക്കുന്നു..

സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ നഗര തദ്ദേശ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയുടെ ഫലമായി അക്രഡിറ്റഡ് ഏജൻസികൾക്ക് ₹50.35 ലക്ഷം സെന്റേജ് ചാർജ് ഇനത്തിൽ അധികമായി നൽകി.

ധനകാര്യ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് കോഴിക്കോട് കോർപ്പറേഷനും പാലക്കാട്, കോട്ടക്കൽ മുനിസിപ്പാലിറ്റികളും ഏജൻസികളുമായി കരാറിൽ ഏർപ്പെട്ടതെന്ന് സർക്കാർ അറിയിച്ചു (മാർച്ച് 2024). അതോടൊപ്പം, 2020 ഒക്ടോബറിൽ എൽഎസ്ജിഡി പുറപ്പെടുവിച്ച ഉത്തരവിൽ പുതിയ സെന്റേജ് ചാർജ്ജുകൾ പ്രാബല്യത്തിൽ വരുന്ന തീയതി വ്യക്തമായി പരാമർശിച്ചിട്ടില്ലെന്നും സർക്കാർ പ്രസ്താവിച്ചു.

2014 ജൂലൈയിൽ ധനകാര്യ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവിൽ എൽഎസ്ജിഡി പ്രവൃത്തികൾക്ക് സെന്റേജ് ചാർജ്ജുകൾ, കാലാകാലങ്ങളിൽ ആ വകുപ്പിൽ നിന്ന് പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവുകളെ അടിസ്ഥാനമാക്കിയുള്ളതായിരിക്കുമെന്ന് വ്യക്തമായി പറയുന്നതിനാൽ ഈ മറുപടി നിലനിൽക്കില്ല. കൂടാതെ, 2020 ഒക്ടോബറിൽ എൽഎസ്ജിഡി പുറപ്പെടുവിച്ച ഉത്തരവിൽ അതിന് മുൻകാല പ്രാബല്യമുണ്ടാകുമെന്ന് പരാമർശിക്കുന്നില്ല. എൽഎസ്ജിഐകൾ നടപ്പിലാക്കുന്ന പുതിയ പ്രവൃത്തികൾക്ക് മാത്രമേ പുതുക്കിയ നിരക്ക് ബാധകമാകൂ എന്നും ഉത്തരവിൽ വ്യക്തമാക്കുന്നു. 2017-18, 2018-19 വർഷങ്ങളിൽ നഗര തദ്ദേശ സ്ഥാപനങ്ങൾ ഏറ്റെടുത്ത പ്രവൃത്തികളുടെ അടിസ്ഥാനത്തിലാണ് ഈ ഓഡിറ്റ് നിരീക്ഷണം.

## 6.2 കൊടുവള്ളി മുനിസിപ്പാലിറ്റി കുറഞ്ഞ വസ്തുനികുതി ചുമത്തിയത്

**കൊടുവള്ളി മുനിസിപ്പാലിറ്റി തെറ്റായ വസ്തുനികുതി നിരക്കുകൾ ചുമത്തിയതിന്റെ ഫലമായി ഉണ്ടായ ₹14.48 ലക്ഷത്തിന്റെ വരുമാന നഷ്ടം/വരുമാനക്കുറവ്.**

2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(3) അനുസരിച്ച്, മുനിസിപ്പാലിറ്റി പ്രദേശത്ത് എല്ലായിടത്തും ഒരേ വിഭാഗത്തിലുള്ള എല്ലാ കെട്ടിടങ്ങൾക്കും ഒരേ അടിസ്ഥാന വസ്തു നികുതി നിരക്ക് ആയിരിക്കേണ്ടതാണ്. കൂടാതെ, കേരള മുനിസിപ്പാലിറ്റി (കെഎം) നിയമത്തിലെ സെക്ഷൻ 233(2) പ്രകാരം, വിവിധ തരം കെട്ടിടങ്ങൾക്ക് വസ്തു നികുതി ചുമത്തുന്നതിന് ഒരു ചതുരശ്ര മീറ്റർ അടിത്തറ ഏരിയയ്ക്ക് ബാധകമായ അടിസ്ഥാന വസ്തു നികുതിയുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ സർക്കാർ നിശ്ചയിക്കണം. സർക്കാർ നിശ്ചയിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞതും കൂടിയതുമായ നിരക്കുകളുടെ അടിസ്ഥാനത്തിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരു പ്രമേയത്തിലൂടെ അവരുടെ പ്രദേശത്തെ ഓരോ വിഭാഗത്തിലുള്ള കെട്ടിടങ്ങൾക്കും ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്ക് അംഗീകരിക്കണം. കൂടാതെ, 1994ലെ കെഎം നിയമത്തിലെ സെക്ഷൻ 282

അനുസരിച്ച്, നികുതി ചുമത്തേണ്ട തീയതി മുതൽ നാല് വർഷത്തിനുള്ളിൽ നികുതി ചുമത്തേണ്ടതാണ്.

നഗര തദ്ദേശ സ്ഥാപനങ്ങളിൽ പ്ലിന്ത് ഏരിയ അടിസ്ഥാനമാക്കിയുള്ള വസ്തു നികുതി കേരള സർക്കാർ നിർണ്ണയം നടപ്പാക്കുകയും (2011 ജനുവരി), ഇത് 2013 ഏപ്രിൽ 01 മുതൽ പുതിയ കെട്ടിടങ്ങൾക്കും 2016 ഏപ്രിൽ 01 മുതൽ നിലവിലുള്ള കെട്ടിടങ്ങൾക്കും ബാധകമാക്കുകയും ചെയ്തു[72]. കൊടുവള്ളി ഗ്രാമപഞ്ചായത്തിനെ 2015 നവംബർ 01[73] മുതൽ മുനിസിപ്പാലിറ്റി പദവിയിലേക്ക് ഉയർത്തുകയും മുനിസിപ്പാലിറ്റികൾക്ക് കേരള സർക്കാർ നിർദ്ദേശിച്ച വസ്തു നികുതി നിരക്കുകൾ ബാധകമാക്കുന്നതിന് വേണ്ടി മുനിസിപ്പൽ കൗൺസിൽ എല്ലാ കെട്ടിടങ്ങളുടെയും വസ്തു നികുതി നിരക്കുകൾ പരിഷ്കരിക്കുകയും ചെയ്തു[74] (2016 സെപ്റ്റംബർ). മുനിസിപ്പാലിറ്റിയായി പ്രഖ്യാപിച്ച തീയതിക്ക് ശേഷം നിർമ്മിച്ച എല്ലാ കെട്ടിടങ്ങൾക്കും പുതുക്കിയ നിരക്കിൽ വസ്തു നികുതി ചുമത്തിയെങ്കിലും, ഈ തീയതിക്ക് മുമ്പ് നിലവിലുണ്ടായിരുന്ന വാണിജ്യ/ആശുപത്രി/അസംബ്ലി കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്കുകൾ ചുമത്താതിരിക്കുകയും അവയ്ക്ക് ഗ്രാമപഞ്ചായത്തുകൾക്ക് ബാധകമായ നിരക്കുകൾ തുടരുകയും ചെയ്തതായി ഓഡിറ്റ് ശ്രദ്ധിച്ചു. കൂടാതെ, മുനിസിപ്പാലിറ്റിയായി പദവി ഉയർത്തിയപ്പോൾ അധികാരപരിധിയിലുള്ള പ്രദേശങ്ങളെ മേഖലാടിസ്ഥാനത്തിൽ തരംതിരിച്ചതിലൂടെയുള്ള[75] നികുതിയിലെ മാറ്റവും ഈ കെട്ടിടങ്ങളുടെ വസ്തു നികുതി കണക്കാക്കുന്നതിന് പരിഗണിച്ചില്ല. ഇത് **അനുബന്ധം 6.2ൽ** വിശദമാക്കിയിരിക്കുന്നതുപോലെ 2016-17 മുതൽ 2018-19 വരെയുള്ള കാലയളവിൽ ₹6.21 ലക്ഷത്തിന്റെ വരുമാന നഷ്ടത്തിനും[76] 2019-20 മുതൽ 2022-23 വരെയുള്ള കാലയളവിൽ ₹8.27 ലക്ഷത്തിന്റെ വരുമാനക്കുറവിനും കാരണമായെന്ന് പരിശോധിച്ച 111 കേസുകളിൽ[77] നിന്ന് വ്യക്തമായി.

അങ്ങനെ, പുതുക്കിയ വസ്തുനികുതി നിരക്ക് കൃത്യമായി നടപ്പാക്കുന്നതിൽ മുനിസിപ്പൽ അധികൃതരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ച ₹14.48 ലക്ഷത്തിന്റെ[78] വരുമാനനഷ്ടത്തിന് കാരണമായി.

ഈ ഖണ്ഡികയ്ക്കുള്ള സർക്കാർ പ്രതികരണം ലഭിച്ചിട്ടില്ല (2025 ഫെബ്രുവരി).

---

72 2019 മാർച്ച് 06 ലെ ജി.ഒ (ആർ.ടി) നമ്പർ 540/2019/തസ്വഭവ പ്രകാരം

73 2015 ഏപ്രിൽ 30 ലെ ജി.ഒ (എം.എസ് ) നമ്പർ 152/2015/തസ്വഭവ പ്രകാരം

74

| | 100 ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾ (₹ ഒരു ചതുരശ്ര മീറ്ററിന്) | 100 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം (₹ ഒരു ചതുരശ്ര മീറ്ററിന്) | ആശുപത്രികൾ (₹ ഒരു ചതുരശ്ര മീറ്ററിന്) | അസംബ്ലി കെട്ടിടങ്ങൾ (₹ ഒരു ചതുരശ്ര മീറ്ററിന്) |
|---|---|---|---|---|
| പഞ്ചായത്ത് നിരക്ക് | 50 | 60 | 5 | 30 |
| മുനിസിപ്പാലിറ്റി നിരക്ക് | 70 | 90 | 15 | 50 |

75 കേരള മുനിസിപ്പാലിറ്റി (വസ്തു നികുതി, സേവന ഉപനികുതിയും, സർചാർജ്ജുകളും) നിയമങ്ങൾ 2011 പ്രകാരം, ഒരു മുനിസിപ്പാലിറ്റിയിലെ മുഴുവൻ പ്രദേശത്തെയും ആ പ്രത്യേക പ്രദേശത്തിന്റെ വികസനത്തിന്റെ അനുവദിച്ചിരിക്കുന്ന ഇളവുകളുടെയും അടിസ്ഥാനത്തിൽ നികുതി വിലയിരുത്തലിനായി പ്രാഥമിക, ദ്വിതീയ, തൃതീയ മേഖലകളായി തരംതിരിക്കേണ്ടതുണ്ട്. ദ്വിതീയ മേഖലയിലെ കെട്ടിടങ്ങൾക്ക് പ്ലിന്ത് ഏരിയ അടിസ്ഥാനമാക്കി കണക്കാക്കിയ അടിസ്ഥാന നികുതിയിൽ നിന്നും 10 ശതമാനം കിഴിവും തൃതീയ മേഖലയിലെ കെട്ടിടങ്ങൾക്ക് 20 ശതമാനം കിഴിവുമുണ്ട്

76 2019-20ന് മുമ്പുള്ള നികുതി കാലഹരണപ്പെട്ടു

77 2015 നവംബർ 01ന് മുമ്പ് കെട്ടിട നമ്പർ അനുവദിച്ച വാണിജ്യ/ആശുപത്രി/അസംബ്ലി കെട്ടിടങ്ങൾ

78 ₹13,79,102 വസ്തു നികുതി + ₹68,955 ലൈബ്രറി സെസ്സ് (അഞ്ച് ശതമാനം)

## 6.3 അക്രഡിറ്റഡ് ഏജൻസികൾക്ക് ചരക്ക് സേവന നികുതി (ജിഎസ്ടി) അധികമായി നൽകിയത് – ₹68.61 ലക്ഷം

**2016ലെ ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റുകളുടെയും മൂല്യവർദ്ധിത നികുതി ഉൾപ്പെട്ട വില സൂചികയുടെയും അടിസ്ഥാനത്തിൽ പ്രവൃത്തികൾ കരാർ നൽകുകയും പൂർത്തീകരിച്ച പ്രവൃത്തിയുടെ മൂല്യത്തിന് 12 ശതമാനം ജിഎസ്ടി വീണ്ടും നൽകുകയും ചെയ്തതിലൂടെ മൂന്ന് നഗര തദ്ദേശ സ്ഥാപനങ്ങൾ അക്രഡിറ്റഡ് ഏജൻസികൾക്ക് ₹68.61 ലക്ഷം അധിക ജിഎസ്ടി നൽകുന്നതിന് കാരണമായി.**

കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്ത ചരക്ക് സേവന നികുതി (ജിഎസ്ടി) 2017 ജൂലൈ 01 മുതൽ പ്രാബല്യത്തിൽ വന്നു. അതനുസരിച്ച്, 2017 ജൂലൈ മുതൽ നടപ്പിലാക്കിയ എല്ലാ പൊതുമരാമത്ത് പ്രവൃത്തികൾക്കും ജിഎസ്ടി നിർബന്ധമാക്കിക്കൊണ്ട് 2017 നവംബറിൽ കേരള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. 2016ലെ ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ് (ഡിഎസ്ആർ)[79] വില സൂചികകൾക്കൊപ്പം മൂല്യവർധിത നികുതിയും (വാറ്റ്) ഉൾപ്പെടുന്നതിനാൽ, 2017 ഡിസംബറിൽ കേരള സർക്കാർ എല്ലാ സർക്കാർ വകുപ്പുകളോടും ഏജൻസികളോടും പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ വാറ്റ്/ജിഎസ്ടി ഒഴിവാക്കണമെന്ന് നിർദ്ദേശിച്ചു. ഭരണാനുമതി ലഭിക്കുന്നതിനായി ജിഎസ്ടി പ്രത്യേകമായി സൂചിപ്പിക്കാനും നിർദ്ദേശിച്ചു. കൂടാതെ, കരാറുകാർ സമർപ്പിച്ച നിരക്കുകൾ വാറ്റ്/ജിഎസ്ടി ഒഴിവാക്കിയിട്ടുള്ളതായിരിക്കണമെന്നും, കരാറുകാർക്ക് പണം നൽകുമ്പോൾ ചെയ്ത പ്രവൃത്തിയുടെ ആകെ മൂല്യത്തോടൊപ്പം ബാധകമായ ജിഎസ്ടിയും അനുവദിക്കണമെന്നുമായിരുന്നു നിർദ്ദേശം. 2016 ഡിഎസ്ആർ നിരക്കുകളിൽ പ്രയോഗിക്കുന്നതിനായി പുതുക്കിയ വില സൂചികകൾ 2019 മാർച്ചിൽ ഗവൺമെന്റ് പ്രസിദ്ധീകരിച്ചു, ഈ വില സൂചികകളിൽ വാറ്റ് ഘടകം ഉൾപ്പെടുത്തിയിരുന്നില്ല.

പാലക്കാട്, കോട്ടക്കൽ, കാസർഗോഡ് മുനിസിപ്പാലിറ്റികളുടെ ഓഡിറ്റിൽ, ഈ നഗര തദ്ദേശ സ്ഥാപനങ്ങൾ തിരുവനന്തപുരം/തൊടുപുഴയിലെ മെസ്സേഴ്സ് ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ്, തൃശ്ശൂരിലെ മെസ്സേഴ്സ് സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് എന്നീ രണ്ട് അക്രഡിറ്റഡ് ഏജൻസികളുമായി ₹24.50 കോടിയുടെ എസ്റ്റിമേറ്റ് ചെലവ് വരുന്ന എട്ട് പ്രവൃത്തികൾ നടത്തുന്നതിനുള്ള കരാറിൽ[80] ഏർപ്പെട്ടതായി കണ്ടെത്തി (2018 മാർച്ച് – 2019 മാർച്ച്). 2016ലെ ഡിഎസ്ആർ അടിസ്ഥാനമാക്കി അക്രഡിറ്റഡ് ഏജൻസികൾ എസ്റ്റിമേറ്റുകൾ തയ്യാറാക്കുകയും ഈ എസ്റ്റിമേറ്റുകളുടെ അടിസ്ഥാനത്തിൽ മുനിസിപ്പൽ കൗൺസിലുകൾ ഭരണാനുമതി[81] നൽകുകയും ചെയ്തു. സാങ്കേതിക അനുമതികൾ[82] ഈ ഏജൻസികൾ സ്വയം തന്നെയാണ് നൽകിയത്. 2016ലെ ഡിഎസ്ആർ വില സൂചികകളിൽ ഉൾപ്പെട്ടിരുന്ന വാറ്റ് ഘടകം ഒഴിവാക്കാതെ ഈ ഏജൻസികൾ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടും ഭരണാനുമതി/നിർവ്വഹണ കരാറുകൾ നൽകുമ്പോൾ എസ്റ്റിമേറ്റുകൾ പരിശോധിച്ച് അതിൽ നിന്നും വാറ്റ് ഒഴിവാക്കുന്നതിൽ നഗര തദ്ദേശ സ്ഥാപനങ്ങൾ പരാജയപ്പെട്ടെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. എന്നാൽ, ഈ ഏജൻസികൾക്കുള്ള എല്ലാ പേയ്മെന്റുകളും സർക്കാർ പുതുക്കിയ വില സൂചികകൾ പ്രസിദ്ധീകരിച്ചതിന് ശേഷമാണ് നടത്തിയതെങ്കിലും, നഗര തദ്ദേശ സ്ഥാപനങ്ങൾ

---

[79] കേന്ദ്ര പൊതുമരാമത്ത് വകുപ്പ് പ്രസിദ്ധീകരിച്ച ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ് (ഡിഎസ്ആർ), വിവിധ നിർമ്മാണ, അറ്റകുറ്റപ്പണി പ്രവൃത്തികൾക്കുള്ള സ്റ്റാൻഡേർഡ് നിരക്കുകളുടെ രൂപരേഖ നൽകുന്ന ഒരു സമഗ്ര രേഖയാണ്. ഈ നിരക്കുകൾ ചെലവ് കണക്കാക്കാനും പൊതു പദ്ധതികളിൽ ബജറ്റിംഗിനും സാമ്പത്തിക ആസൂത്രണത്തിനും ഇത് ഉപയോഗിക്കുന്നു. കേന്ദ്ര, സംസ്ഥാന സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ മുതലായവ ഡിഎസ്ആർ ഉപയോഗിക്കുന്നു

[80] പാലക്കാട് മുനിസിപ്പാലിറ്റി – 2018 മാർച്ച്, കോട്ടക്കൽ മുനിസിപ്പാലിറ്റി – 2019 മാർച്ച്, കാസർകോട് മുനിസിപ്പാലിറ്റി – 2018 മാർച്ച്

[81] പാലക്കാട് മുനിസിപ്പാലിറ്റി – 2017 ജൂൺ, കോട്ടക്കൽ മുനിസിപ്പാലിറ്റി – 2018 ഓഗസ്റ്റ്, കാസർകോട് മുനിസിപ്പാലിറ്റി – 2017 ഡിസംബർ

[82] പാലക്കാട് മുനിസിപ്പാലിറ്റി – 2018 മാർച്ച്, കോട്ടക്കൽ മുനിസിപ്പാലിറ്റി – 2018 സെപ്റ്റംബർ, കാസർകോട് മുനിസിപ്പാലിറ്റി – 2018 ഫെബ്രുവരി

എസ്റ്റിമേറ്റിൽ വാറ്റ് ഘടകം ഒഴിവാക്കിയില്ലെന്നുമാത്രമല്ല, പൂർത്തീകരിച്ച പ്രവൃത്തിയുടെ ആകെ മൂല്യത്തിന്മേൽ ഏജൻസികൾക്ക് 12 ശതമാനം ജിഎസ്ടി അനുവദിക്കുകയും ചെയ്തു. വാറ്റ് ഒഴിവാക്കാതെ 12 ശതമാനം ജിഎസ്ടി അനുവദിച്ചതിലൂടെ ₹68.61 ലക്ഷം അധിക ജിഎസ്ടി നൽകേണ്ടതായി വന്നു. വിശദാംശങ്ങൾ **അനുബന്ധം 6.3ൽ** നൽകിയിരിക്കുന്നു.

അങ്ങനെ, എസ്റ്റിമേറ്റുകളിൽ നിന്ന് വാറ്റ്/ജിഎസ്ടി ഒഴിവാക്കാനുള്ള സർക്കാർ നിർദ്ദേശം പാലിക്കുന്നതിൽ നഗര തദ്ദേശ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നുള്ള ശ്രദ്ധക്കുറവ് കാരണം നിർവ്വഹണ ഏജൻസികൾക്ക് ₹68.61 ലക്ഷം അധികമായി നൽകേണ്ടിവന്നു.

ഈ ഖണ്ഡികയ്ക്ക് സർക്കാരിന്റെ ഭാഗത്ത് നിന്ന് പ്രതികരണം ലഭിച്ചിട്ടില്ല (2025 ഫെബ്രുവരി).